DESPATCHED
On.15/12/21...
04/12/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1396(4)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8901/*എസ്.ഐ.സി-ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(04-12-2021)

**ശ്രീ. വി. തങ്കപ്രസാദ്,**
വിസ്മയം, വട്ടപ്പാറ പി.ഒ,
തിരുവനന്തപുരം -28 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   വെമ്പായം ഗ്രാമപഞ്ചായത്ത് കാര്യാലയം
   വേറ്റിനാട്, കൊഞ്ചിറ പി.ഒ, തിരുവനന്തപുരം
2. അപ്പീൽ അധികാരി &പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ
   കുടപ്പനകുന്ന് പി.ഒ, തിരുവനന്തപുരം

— എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

ഈ അപ്പീൽ ഹർജിയിന്മേൽ കമ്മീഷൻ 05-08-2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് 15 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ് എന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

2. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 08-05-2021 ൽ കമ്മീഷനു വിശദീകരണം നൽകി. അതിൽ ഇപ്രകാരം പറയുന്നു. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ 08-02-2015 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഓഫീസിൽ ലഭിച്ചത് 13-02-2015 ൽ ആണ്. ഇക്കാര്യം തപാൽ മുദ്രയിൽ നിന്നും വ്യക്തമാകുന്നതാണ്. ടി അപേക്ഷക്ക് 25-ാം ദിവസം (09-03-2015) മറുപടി അയച്ചിട്ടുണ്ട്. ഫെയർ കോപ്പി രജിസ്റ്ററിന്റെ പകർപ്പും ഇതോടൊപ്പം ഹാജരാക്കുന്നു. പിന്നീട് 31-03-2015ൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരം സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു കൊടുത്തിട്ടുണ്ട്. ആയതിന്റെ രേഖയും ഹാജരാക്കുന്നു. അപേക്ഷകന് ഇനിയും കൂടുതൽ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ അവ നേരിട്ട് പരിശോധിക്കുന്നതിനും രേഖകൾ സൗജന്യമായി നൽകുന്നതിനും തയ്യാറാണെന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. അപ്പീലധികാരി 24-04-2015ൽ നേരിൽ കേട്ടപ്പോൾ ഇത് എല്ലാം അദ്ദേഹത്തയും ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. 30-04-2015ൽ ഞാൻ സർവ്വീസിൽ നിന്നും പെൻഷൻ പറ്റുകയും ചെയ്തു. എന്റെ ഭാഗത്തുനിന്നും ഒരു തരത്തിലുമുള്ള വീഴ്ചയുമുണ്ടായിട്ടില്ല.

3. ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷൻ വിശ്വാസത്തിലെടു-ത്തുകൊണ്ട് ഇതിന്മേൽ തുടർനടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം ഡിസംബർ 4, 2021 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre